കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമേൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം. പി -3/1455/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ചിന്നക്കട, കൊല്ലം.
ഫോൺ - 0474 2740141
ഇ-മെയിൽ : doklm.ksad@kerala.gov.in
തീയതി : 28.09.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നിലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:നിലമേൽ ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചാ യത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2017–2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ലെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും

ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) ( 2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി3 – 1455/18 തീയതി : 28.09.2018

## കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമ പഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2017 - 2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-09-2017 മുതൽ 18-07-2018 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സജി .കെ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.07.18 മുതൽ<br>30.07.18വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സൈമൺ .കെ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ.അജമൽ എ. എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജയകുമാരി അമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.എം.റാഫി | 1.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.പ്രതാപചന്ദ്രൻപിള്ള | 01.04.17 മുതൽ 20.07.17 വരെ<br>07.08.17 മുതൽ 31.03.18 വരെ |
| | ശ്രീമതി.ഡി.ബേബി സരോജം | 21.07.17 മുതൽ 05.08.17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.ഡി.ബേബി സരോജം | 01.04.17 മുതൽ 11.08.17 വരെ |
| | ശ്രീ. ജെനിഷ് ആർ വി രാജ് | 12.08.2017 മുതൽ 07.9.17 വരെ |
| | ശ്രീ. പ്രവീൺ . എസ് | 08.09.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എസ്.അജിത കുമാരി | 01.04.17 മുതൽ 31.03.18 വരെ |
| വെറ്റിനറി സർജൻ | ഡോ.സിമി റബേക്കാ ജോസഫ് | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഉഷ കെ.കെ | 1.04.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.ഡി.ബാബു | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. അജയൻ | 01.04.17മുതൽ 17.06.17 വരെ |
| | ഡോ. ജിജുരാജ് . ഡി | 18.06.17മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.വി.ശ്രീകുമാരി. | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. റ്റി.കെ രാധാകൃഷ്ണൻ | 01.04.17മുതൽ 31.05.17 വരെ |
| | ശ്രീ.മോഹനകുമാരൻ പിള്ള | 01.06.17മുതൽ 31.03.18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.വിജയകുമാരൻപിള്ള. | 01.04.17 മുതൽ 31.03.18 വരെ |
| അസി. എക്സി.എഞ്ചിനീയർ | ശ്രീ.അശോക് കുമാർ റ്റി.വി. | 01.04.17മുതൽ 08.11.17 വരെ |
| | ശ്രീ.കെ .ജി മാധുരി | 09.11.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ. മനേഷ് മോഹൻ | 01.04.17മുതൽ 29.02.18 വരെ |
| | ഡോ. രാജ്കപൂർ.ഡി | 01.03.18മുതൽ 31.03.18 വരെ |

........

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-1 |
| 14 | കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല | 2-2 |
| 15 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വില , വാറ്റ് തുക , ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-3 |

| | | |
|---|---|---|
| | ഭാഗം 3 | |
| 16 | എസ്.എൽ.ഐ പ്രീമിയം ഈടാക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ചല്ല | 3-1 |
| 17 | പഞ്ചായത്ത് ഓഫീസ് നവീകരണം-സർവ്വീസ് ടാക്സ്-ഒടുക്കുരേഖഹാജരാക്കിയിട്ടില്ല-132310 രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 3-2 |
| 18 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 140000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 19 | സ്കൂളുകൾക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങിയിൽ അധികച്ചെലവ് | 3-4 |
| 20 | പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.S0064/17-18) – മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-5 |
| 21 | മരുന്നു വാങ്ങൽ പ്രോജക്ടിനു തുക ഒടുക്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. | 3-6 |
| 22 | കൃഷിക്ക് ജലസേചനത്തിനു പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ചു | 3-7 |
| 23 | കാർഷിക യന്ത്രം, ടില്ലർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-8 |
| 24 | വേയ്ക്കൽ -ഇടപ്പള്ളി റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക-21154 | 3-9 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | 4-11 |
| 36 | അനുബന്ധം 2 | 4-12 |


......

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23-3-2017 തീയതിയിലെ I- ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 25.5.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017 – 2018 | 11.6.2018 | കെ.എസ്.എ.കെ.എൽ.എം. പി.31570/18 തീയതി 03.10.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 55,74,922/- |
| വരവ് | 4,78,81,832/- |
| ആകെ | 5,34,56,754/- |
| ചെലവ് | 4,96,48,099/- |
| നീക്കിയിരിപ്പ് | 38,08,655/- |

......

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | ₹85,81,317 | ₹85,81,317 | ₹85,81,317 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | ₹34,03,205 | ₹34,03,205 | ₹34,03,205 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | ₹92,80,022 | ₹92,80,022 | ₹92,80,022 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | ₹21,54,099 | ₹21,54,099 | ₹21,54,099 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | ₹36,45,731 | ₹36,45,731 | ₹36,45,731 | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | ₹19,57,937 | ₹19,57,937 | ₹19,57,937 | - |
| സാക്ഷരത | | | - | - | - | - |
| ദുരിതാശ്വാസനിധി | | | - | - | - | - |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | ₹17,48,66,30 | ₹1,74,86,630 | ₹1,74,86,630 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | ₹48,148 | ₹10,70,097 | ₹11,18,245 | ₹10,69,763 | ₹48,482 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി എസ് സി | ₹8,26,795 | ₹11,53,086 | ₹19,79,881 | - | ₹19,79,881 |
| | ഐ സി ഡി എസ് | ₹10,53,403 | ₹5,59,715 | ₹16,13,118 | ₹6,29,267 | ₹9,83,851 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | - | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | ₹49,000 | ₹49,000 | ₹49,000 | - |
| | ജില്ലാ പഞ്ചായത്ത് | | ₹2,00,000 | ₹2,00,000 | - | ₹2,00,000 |
| ബി ഫണ്ട് | | | ₹2,22,160 | ₹2,22,160 | ₹2,22,160 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ₹9,23,159 | ₹53,87,000 | ₹63,10,159 | ₹59,46,963 | ₹3,63,196 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | ₹55,74,922 | ₹4,78,81,832 | ₹5,34,56,754 | ₹4,96,48,099 | ₹38,08,655 |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | ₹2,29,01,826 | 92 | ₹1,75,88,190 | 19 | 14 | 74% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ₹48,148 | ₹10,70,097 | ₹11,18,245 | ₹10,69,763 | ₹48,482 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | ₹1,74,86,630 | ₹1,74,86,630 | ₹1,74,86,630 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ₹92,160 | 153 |
| കർഷകതൊഴിലാളി പെൻഷൻ | ₹16,99,800 | 144 |
| വിധവാപെൻഷൻ | ₹93,04,100 | 790 |
| വാർദ്ധക്യകാലപെൻഷൻ | ₹1,41,72,700 | 1102 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | ₹23,87,800 | 227 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | ₹35,400 | 3 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ₹1,20,000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.7.18 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40763/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്. രജിസ്റ്ററുകൾ നല്ല രീതിയിൽ പരിപാലിക്കുന്നു. വരവിനങ്ങളിലെ രജിസ്റ്ററുകളിലെല്ലാം ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. നിലവിലുള്ള ആസ്തികളും പുതിയതായി സൃഷ്ടിക്കപ്പെട്ട ആസ്തികളും സചിത്ര സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്. ബജറ്റ് യഥാസമയം തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമമിറ്റിയും അംഗീകരിച്ചാണ് ചെലവ് നടത്തിയിട്ടുള്ളത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.7.2018 | 6/2018 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | - | 11-12 വരെ നടന്നിട്ടുള്ളു |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. കെട്ടിട നികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് എ എഫ് എസ്സുമായി പൊരുത്തപ്പെടുന്നില്ല.
2. തൻവർഷത്ത വാടകപിരിവ് വാടക രജിസ്റ്റർ പ്രകാരം 16,03,749/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് RP43 അനുസരിച്ച് 17,55,966/- രൂപയാണ്. വാടക കുടിശിക പീരിവ് രജിസ്റ്റർ പ്രകാരം 278085/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് അനുസരിച്ച് കുടിശ്ശിക 2,68,100/- രൂപയാണ്.
3. തൻവർഷത്തെ തൊഴിൽ നികുതി പിരിവ് (ട്രേഡേഴ്സ്) തൊഴിൽ നികുതി രജിസ്റ്റർ അനുസരിച്ച് 1,85,300/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 2,51,800/- രൂപയാണ്.
4. ആസ്തികളുടെ മൂല്ല്യം കൃത്യമായി നിർണ്ണയിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. തൻവർഷത്തെ ഡി & ഒ ലൈസൻസ് ഫീസ് പിരിവ് രജിസ്റ്റർ പ്രകാരം 55,700/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് അനുസരിച്ച് 62,700/- രൂപയാണ് (അഡ്വൻസ് കളക്ഷൻ ഉൾപ്പെടെ).
6. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ മാരുടെ പ്ലാൻ അകൗണ്ടുകളിൽ ശേഷിക്കുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. TPA അക്കൗണ്ട് പാസ് ബുക്ക് കാലികമാക്കിയിട്ടില്ലാത്തതിനാൽ നിക്കീയിരിപ്പ് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
8. ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. Investment ഇനത്തിലുള്ള തുകയുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ (B-12 ) ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ബി എസ് എൻ എൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( 5/25.7.18 ) നൽകിയിരുന്നു. ബി എസ് എൻ എൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നുവെന്നും സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് 2016-17, 2017-18 വർഷത്തെ തൊഴിൽ നികുതി ഒടുക്ക് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമാണ്.

## 2-2 കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല

2017-18 വർഷത്തെ വാടക രജിസ്റ്റർ അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെയും, മാർക്കറ്റ് സ്റ്റാളിന്റെയും കടമുറികളുടെയും വാടക ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകയ്ക്ക് എടുത്തിരുന്ന വ്യക്തി | മാസ വാടക | കാലയളവ് | ഈടാക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 5 , മാർക്കറ്റ് സ്റ്റാൾ | ജനറൽ മാനേജർ, സപ്ലൈക്കോ | 26270 + 4728(ST) | 3/2018 | ₹30,998/- |
| 2 | 1, ഷോപ്പിംഗ് കോംപ്ലക്സ് | ജനറൽ മാനേജർ, ബി എസ് എൻ എൽ | 3600+648(ST) | 9/2017-3/2018 | ₹29,736/- |
| 3 | 2, ഷോപ്പിംഗ് കോംപ്ലക്സ് | മോഹനൻ .കെ | 3800+684(ST) | 12/2017-3/2018 | ₹17,936/- |
| 4 | 11, ഷോപ്പിംഗ് കോംപ്ലക്സ് | അഞ്ജലി .എസ് രാജൻ | 3050+550(ST) | 4/2017-3/2018 | ₹43,200/- |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | ₹1,21,870 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് 19/27.7.2018 ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ചിട്ടുള്ള ക്രമ നം 1,2 കടമുറികളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, ക്രമ നം 3-ൻ മേൽ ആർ.ആർ നടപടി ആരംഭിച്ചതായും, ക്രമ നം. 4 ഡെപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്ന താണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമാണ്. മേൽ വാടകക്കാരിൽ നിന്നും വാടക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഇ- ടെണ്ടർ മുഖേനയുള്ള മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വില , വാറ്റ് തുക , ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായ 31300/- രൂപ, വാറ്റ് ഇനത്തിൽ ലഭിച്ച 1,565 /-രൂപ എന്നീ തുകകൾ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എൽ.ഐ പ്രീമിയം ഈടാക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ചല്ല

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിച്ച് ഒരു വർഷത്തിനകം ജി.ഐ.എസ്, എസ്.എൽ.ഐ എന്നീ പോളിസികളിൽ അംഗത്വമെടുക്കണമെന്നും പോളിസിയിൽ അംഗത്വമെടുക്കാതെ ഉദ്യോഗസ്ഥന് ആദ്യ ഇൻക്രിമെന്റ് അനുവദിക്കാനാവില്ല എന്ന് റൂൾ 22 എ, കെ. എസ്. ആർ. പാർട്ട് 1, നോട്ട് അണ്ടർ റൂൾ 31 ജി.ഒ.പി.നം.511/2004/Fin/2-11-2004, ജി.ഒ.പി.നം 556/2008/Fin dated 16-12-2008 (SLI) എന്നിവ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലമേൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം ഈടാക്കുന്നത് അടിസ്ഥാന ശമ്പളനിരക്കനുസരിച്ചല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എസ് എൽ ഐ

| ജീവനക്കാരുടെ പേര് | ജീവനക്കാരുടെ ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ശമ്പള സ്ലാബ് | ഈടാക്കേണ്ട ഇൻഷ്വറൻസ് തുക | ഈടാക്കിയ തുക |
|---|---|---|---|---|---|
| ശ്രീ.പ്രവീൺ.എസ് | അസി. സെക്രട്ടറി | ₹38,500 | 30700-65400 | ₹500 | ₹150 |
| ശ്രീമതി.നജീമ.എം. | അക്കൗണ്ടന്റ് | ₹33,900 | 27800-59400 | ₹300 | ₹150 |

| | | | | | |
|---|---|---|---|---|---|
| ശ്രീമതി. ദീപ .ജി | സീനി. ക്ലാർക്ക് | ₹32,300 | 25200-54000 | ₹300 | ₹150 |
| ശ്രീമതി. റീന .പി | ക്ലാർക്ക് | ₹27,150 | 19000-43600 | ₹300 | ₹150 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം.6/25.7.18) ഒരു മാസത്തിനകം അഡീഷണൽ പോളിസികൾ എടുത്ത് അപാകത പരിഹരിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസ് നവീകരണം-സർവ്വീസ് ടാക്സ്-ഒടുക്കുരേഖഹാജരാക്കിയിട്ടില്ല-132310 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. – എസ്.ഒ 100/2017

അടങ്കൽ തുക – ₹14,75,000

കരാറുകാരൻ - ഗോപകുമാർ

എഗ്രിമെന്റ് നം. 01/AE/LSGD/NML/2017-18/15.4.17

ബിൽ നം.- 13/17-18/29.11.2017, 20/17-18/29.2.18, 21/17-18/29.2.18

ടി വർക്കിന്റെ ആകെ പ്രവൃത്തിമൂല്യം ₹12,60,099 രൂപയിൽ ലിമിറ്റ് ആയതിനൊപ്പം 10.5% സേവനനികുതി 1,32,310 രൂപ കൂടി ചേർത്ത് ആകെ13,92,409 രൂപ മേൽപ്പറഞ്ഞ ബില്ലുകൾ അനുസരിച്ച് മാറി കരാറുകാരന് നൽകിയിട്ടുണ്ട്.എന്നാൽ കരാറുകാരൻ സേവനനികുതിഒടുക്കുവരുത്തി രേഖകൾ ഹാജരാക്കാതെയാണ് 1,32,310 രൂപ കൂടി ചേർത്ത് മാറി കരാറുകാരന് നൽകിയത്. ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ നം.3/2017-18/23.7.18 ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി കരാറുകാരൻ പഞ്ചായത്തിൽ നിലവിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നയാൾ ആയതിനാൽ ആയതിന്റെ ചെലവ് നൽകുന്നതിന് മുൻപ് ടി തുക ഒടുക്കി രേഖകൾ ഹാജരാക്കാമെന്ന മറുപടിയാണ് നൽകിയത്. നാളിതുവരെയും 1,32,310/- രൂപ ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർവീസ് ടാക്സ് ഒടുക്കിയ രേഖകൾ എത്രയും വേഗം പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം 1,32,310/-രൂപ നിർവ്വഹണഉദ്യോഗസ്ഥയായ അസി.എൻജിനീയറുടെ ബാധ്യതയായി നിർണ്ണയിച്ച് സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 140000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം വിവിധ പദ്ധതികളുടെ നടത്തിപ്പിനായി തുക നൽകിയിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോജക്ട് നം./ പേര് | ഒടുക്കിയ തുക, ബിൽ നം. തീയതി | നിക്ഷേപിച്ച സ്ഥാപനം/ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 103/17-18ഐ.എ. വൈ ഭവനം- അധിക വിഹിതം- ജനറൽ | ₹ 40,000 1/17-18 11.01.2018 | ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | വി.ഇ.ഒ |
| 2 | 27/17-18ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ | ₹ 1,00,000 1/17-18 22.07.2017 | സെക്രട്ടറി,ജില്ലാ പഞ്ചായത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | ആകെ | ₹ 1,40,000 | | |

മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 140000/- രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗത്തിന്റെ മുഴുവൻ വിശദാംശങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രം തടസ്സം ഒഴിവാക്കുന്നതാണ്.

## 3-4 സ്കൂളുകൾക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങിയതിൽ അധികച്ചെലവ്

പ്രോജക്ട് നം. 84/17-18

അടങ്കൽ - 3,00,000/- (മെയി.ഫണ്ട്-റോഡിതരം)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടു പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ലാപ്പ്ടോപ്പ്,പ്രോജക്ടർ എന്നിവ വാങ്ങുന്നതിനായി 283200 രൂപ ചെലവഴിച്ചു.

ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ ടെണ്ടർ നിരക്കു രേഖപ്പെടുത്തിയ ഹൈപ്പർടെക് സിസ്റ്റംസ്, കൊല്ലം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ടി സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പ് -6എണ്ണം @ 26,400/- രൂപ പ്രോജക്ടർ- 4 എണ്ണം @31,200/- രൂപ എന്നിവ വാങ്ങിയതിന് നികുതിയുൾപ്പെടെ ആകെ 2,83,200/- രൂപ (ബിൽ നം.2/17-18/10.2.2018) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഡി.പി.ഐ യുടെ 21.11.2016 NEP3/10192/2015/DPI ഉത്തരവു പ്രകാരം വാങ്ങുന്ന ഇനങ്ങളുടെ മിനിമം സ്പെസിഫിക്കേഷനും പരമാവധി തുകയും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം മൾട്ടിമീഡിയാ പ്രോജക്ടറിന് നൽകാവുന്ന പരമാവധി തുക 25630 രൂപ മാത്രമാണ്. എന്നാൽ, ടി പ്രോജക്ട് പ്രകാരം 31200/- രൂപ നിരക്കിൽ 4 പ്രോജക്ടറുകൾ വാങ്ങിയതായി കാണുന്നു. ടിയിനത്തിൽ 22,280/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. തുക അധികം ചെലവഴിക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്കൂളുകളിൽ നിന്നുള്ള നിരന്തര ആവശ്യം മുൻനിർത്തിയും ടെണ്ടർ തുകയിൽ കുറഞ്ഞ നിരക്കിൽ സാധനം സപ്ലൈ ചെയ്യാൻ മറ്റാരും തയ്യാറാകുകയും

ചെയ്യാതിരുന്നതിനാലാണ് ടി തുകയ്ക്ക് പ്രോജക്ടറുകൾ വാങ്ങി നൽകിയതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശം ലംഘിച്ച് അധിക തുക ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമില്ലെന്നിരിക്കെ നൽകിയ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഇക്കാരണത്താൽ അധികം ചെലവഴിച്ച 22280/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 9/ 26-07-2018
നിരാകരിച്ച തുക – 22280/-രൂ

## 3-5 പാലിയേറ്റീവ് കെയർ – മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല.

പ്രോജക്ട് നം.S.O. 064/17-18

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ടിനായി 600000/- രൂപ (വികസന ഫണ്ട്)വകയിരുത്തിയതിൽ 599800/- രൂപ ചെലവഴിച്ചു. പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് നൽകാനുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി തുക കെ.എം.എസ്.സി.എൽ-ന് നൽകിയെങ്കിലും ആയത് പൂർണ്ണമായി ലഭിച്ചിട്ടില്ല. ബിൽ നം.12/17-18/ 14.3.2018 പ്രകാരമുള്ള 51,747/- രൂപയിൽ 34,595/- രൂപയുടെ മരുന്നുകളും ബിൽ നം. 7/17-18/16.1.18 പ്രകാരമുള്ള 1,68,000/- രൂപയിൽ 77,400/- രൂപയുടെ മരുന്നുകളും 8,140/- രൂപയുടെ ഉപകരണങ്ങളും (വീൽ ചെയർ-2എണ്ണം)ലഭ്യമായിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-6 മരുന്നു വാങ്ങൽ പ്രോജക്ടിനു തുക ഒടുക്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പാക്കിയ മരുന്നു വാങ്ങൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്/ ബിൽനം./ തീയതി/ ഡി.ഡി.നം | ലഭിച്ച മരുന്നിന്റെ മൂല്യം (രൂപ) | ലഭിക്കാനുള്ളത് (രൂപ) | തുക നൽകിയത് |
|---|---|---|---|---|---|
| 77/17-18 ഗവ.ആയുർവേദ ആശുപത്രിക്ക് | ₹3,00,000/- മെയിന്റനൻസ് ഫണ്ട് | 300000/ 3/17-18 /24.10.17 | ₹2,71,216/- | ₹28,784/- | മാനേജിംഗ് ഡയറക്ടർ, ഔഷധി |

| | | | | | |
|---|---|---|---|---|---|
| മരുന്ന വാങ്ങൽ | (റോഡിതരം) | | | | |
| 76/17-18 വൃദ്ധജന ആരോഗ്യം | ₹3,00,000/- (വികസന ഫണ്ട്) | 300000 2/17-18 /24.10.17 | ₹2,87,365/- | ₹12,635/- | മാനേജിംഗ് ഡയറക്ടർ, ഔഷധി |
| ആകെ | | | | ₹41,419/- | |

മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 13/26-07-2018

## 3-7 കൃഷിക്ക് ജലസേചനത്തിനു പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ചു

പദ്ധതി നമ്പർ 74/18 ( വികസന ഫണ്ട് )

നിർവ്വഹണം : കൃഷി ഓഫീസർ
ബിൽ നമ്പർ : 9/17-18(31-1-18) തുക 1,22,000രൂപ
ബിൽ നമ്പർ: 11/17-18(9-3-18) തുക 76,500രൂപ
ആകെ ഗുണഭോക്താക്കൾ : 26

പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും ഗവ അംഗീകൃത ഏജൻസികളായ RAIDCO/KAICO ഇവിടങ്ങളിൽ നിന്നും കർഷകർ വാങ്ങി സമർപ്പിയ്ക്കുമ്പോൾ 50 % സബ്സിഡി കർഷകന് നൽകുക എന്നതായിരുന്നു പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ രണ്ട് ഗുണഭോക്താക്കൾ ഒഴികെയുള്ള മറ്റ് 24 പേർ സ്വകാര്യ കടകളിൽ നിന്നുമുള്ള ബിൽ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. സ്വകാര്യ കടകളിൽ നിന്നും നടത്തിയ പർച്ചേസ് സംബന്ധിച്ച അപാകത ശ്രദ്ധയിൽപ്പെടുത്തി കൊണ്ട് 24-7-18 ൽ നൽകിയ എൻക്വയറി 04 ന് Raidco നിന്ന് വാങ്ങിയിട്ടുള്ളത് മണ്ണെണ്ണ പമ്പ് സെറ്റ് എന്നാണ്. എന്നാൽ ക്യാഷ് ബിൽ പകർപ്പ് പരിശോധിച്ചതിൽ Honda 2 HP Petrol pumpset, Kirloskar Hp പമ്പ് എന്നിവയാണ്. കൂടാതെ പമ്പ് സെറ്റിന്റെ വാങ്ങൽ, ഗുണമേന്മ എന്നിവ കൃഷി ഓഫീസർ, മോണിറ്ററിംഗ് സമിതി എന്നിവർ രേഖാമൂലം പരിശോധിച്ചിട്ടുമില്ല. ഇത്തരം വ്യക്തിഗത ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ അവഗണിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. പരാമർശ വിഷയത്തിൻമേൽ

തൃപ്തികരമായ വിശദീകരണം നിർവ്വഹണോദ്യോഗസ്ഥൻ നൽകേണ്ടതാണ്.

## 3-8 കാർഷിക യന്ത്രം, ട്രില്ലർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ: ചെലവ് തടസ്സപ്പെടുത്തുന്നു 1,39,500/-

പദ്ധതി നം : 71/18 (വികസന ഫണ്ട് )

നിർവ്വഹണം : കൃഷി ഓഫീസർ

തുക : 1,39,500/-രൂപ (വികസന ഫണ്ട് )

15,500/-രൂപ (ഗുണഭോക്തൃവിഹിതം)

ബിൽ : 5/17 - 18 (29-11-18) തുക 1,39,500/-

നിലമേൽ ഗ്രാമ പഞ്ചായത്തിലെ ചെറുകിട നാമമാത്ര കഷകർക്ക് 90% സബ്സിഡി നിരക്കിൽ ട്രില്ലർ നൽകി നെൽകൃഷി വ്യാപിപ്പിക്കുകയും അതുവഴി ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് പദ്ധതി.ഇത് പ്രകാരം 1,55,000 രൂപ ചെലവഴിച്ച് KAMCO യിൽ നിന്ന് പവർട്രില്ലർ വാങ്ങുകയും പൂവത്തൂർ പാടശേഖര സമിതിക്ക് നൽകിയിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു... പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ട്രില്ലർ കൈപ്പറ്റിയതിന് രേഖയില്ല, നിലവിൽ യന്ത്രം അംഗീകൃത പാടശേഖര സമിതിയുടെ കൈവശമാണെന്നതിന് തെളിവില്ല.

2) ട്രില്ലർ ഉപയോഗം സംബന്ധിച്ച് കരാർ വെച്ചിട്ടുള്ള പൂവത്തൂർ പാടശേഖര സമിതി 2017 നവംബർ മുതൽ അംഗീകൃത സമിതിയാണെന്നതിന് രേഖയില്ല.

3) ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയ കരാർ ഉടമ്പടിയുടെ പകർപ്പ് പ്രകാരം കരാർ വച്ചിട്ടുള്ളത് 26 - 5 -18 ൽ ആണ്. സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20 % കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്ന വ്യവസ്ഥ കരാറിൽ ഇല്ല.

4) ഡീസൽ ചെലവ്, കൂലി ചെലവ് കഴിഞ്ഞിട്ടുള്ള തുകകൾ അക്കൗണ്ടിൽ നിക്ഷേപിച്ചതിന് രേഖകളില്ല.

5) യന്ത്രത്തിന് ലോഗ്ബുക്ക്, മെയിന്റനൻസ് രജിസ്റ്റർ എന്നിവ ഇല്ല.

6) മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ട്രില്ലർ വാങ്ങൽ, ഗുണമേന്മ എന്നിവ സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്, മറുപടിയായി പാടശേഖരസമിതിയുടെ രജിസ്ട്രേഷൻ, കരാർ എന്നിവയുടെ അസ്സൽ രേഖകൾ ഹാജരാക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ പാടശേഖര സമിതിയുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. ട്രില്ലറിന്റെ ലോഗ്ബുക്ക് ആരംഭിച്ചിട്ടില്ലെന്നും മറുപടി നൽകിയിരിക്കുന്നു.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 1,39,500/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.4/24-07-2018

തടസ്സപ്പെടുത്തിയ ചെലവ് – 1,39,500/-

## 3-9 വേയ്ക്കൽ -ഇടപ്പള്ളി റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും -പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ, 21154/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നം. എസ്.ഒ 0060/2018

അടങ്കൽ തുക -7,00,000/-രൂപ

കരാറുകാരൻ-ജയദ്രതൻ

എഗ്രിമെന്റ് നം.-25/AE/LSGD/NML/2017-18/8.12.2017

ബിൽ നം.-39/2017-18/28.3.18

1.അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി ചെയ്തു.

ടി വർക്കിന്റെ അംഗീകൃത പ്രോജക്ടനുസരിച്ച് 189 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമുള്ള റോഡ് കോൺക്രീറ്റിന് 4,00,000/- രൂപയും, 20 മീറ്റർ നീളത്തിലും

.55 മീറ്റർ വീതിയിലും .80 മീറ്റർ ഉയരത്തിലുമുള്ള പാർശ്വഭിത്തി നിർമ്മാണത്തിന് 3,00,000/- രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ടി വർക്കിന്റെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ റോഡ് കോൺക്രീറ്റിന് വേണ്ടി മാത്രം 6,50,714/- രൂപയുടെ എസ്റ്റിമേറ്റും പാർശ്വഭിത്തി നിർമ്മാണത്തിന് 48,989.42/- രൂപയുടെ എസ്റ്റിമേറ്റുമാണ് തയ്യാറാക്കിയത് 189 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമുള്ള റോഡിന്റെ കോൺക്രീറ്റുമായി ബന്ധപ്പെട്ട 3 ഇനങ്ങൾ മാത്രം ചെയ്ത് ആയതിന് 6,71,895/- രൂപയുടെ പ്രവൃത്തിമൂല്യം കണക്കാക്കി മേൽപ്പറഞ്ഞ ബിൽ നം. അനുസരിച്ച് കരാറുകാരന് 6,71,895/- രൂപ മാറി നൽകിയിട്ടുണ്ട്. പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന റോഡിന്റെ സൈഡ്കെട്ട് എന്നയിനം പൂർണ്ണമായി ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. അംഗീകൃത പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതിന് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗിനുവേണ്ടി മാത്രം 6,50,714 /-രൂപയുടെ എസ്റ്റിമേറ്റും പാർശ്വഭിത്തി നിർമ്മാണത്തിന് 48989.42രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കുകയും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിമാത്രം ചെയ്ത് പ്രോജക്ട് നിർവ്വഹണം നടത്തുകയും ചെയ്തത് ക്രമവിരുദ്ധമാണ്. ആയതിനാൽ പ്രോജക്ടിൽ വകകൊള്ളിച്ചിരുന്നതിന് വിരുദ്ധമായി റോഡ്

കോൺക്രീറ്റിംഗിനുവേണ്ടി മാത്രം ചെലവഴിച്ച തുകയായ 6,71,895/- രൂപയിൽ എസ്റ്റിമേറ്റ് തുകയായ 6,50,714/- രൂപയിൽ പ്രോജക്ടിൽ വകകൊള്ളിച്ച 4,00,000/- രൂപ കഴിച്ചുള്ള 2,50,714/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. (650714 – 400000)
കൂടാതെ റോഡ് കോൺക്രീറ്റിന് തയ്യാറാക്കിയ ആകെ എസ്റ്റിമേറ്റ് തുക 6,50,714/- രൂപയാണ്. ടി ഇനത്തിന് വേണ്ടിയുള്ള ആകെ പ്രവൃത്തിമൂല്യം 6,71,895/- രൂപയാണ്. എസ്റ്റിമേറ്റിനെ അധികരിച്ച് നൽകിയ 21,154/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അസി.എക്സിക്യൂട്ടീവ് എൻജിനീയർ വെറ്റ് ചെയ്താണ് ഡി.പി.സി അംഗീകാരം കിട്ടിയതിന് ശേഷം സൈറ്റ് വിശദമായി പരിശോധിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കി റ്റി.എസ് വാങ്ങുന്നത് എന്നും റോഡ് കോൺക്രീറ്റിന് ഇനം തിരിച്ചുള്ള റേറ്റാണ് കരാറുകാരൻ ക്വോട്ട് ചെയ്തതെന്ന മറുപടിയാണ് നൽകിയത് ടി മറുപടി അംഗീകരിക്കത്തക്കതല്ല. കാരണം ഡി.പി.സി അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും ഓരോ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്തുമാണ്നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണം നടത്തേണ്ടത്.

2.പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ
എസ്റ്റിമേറ്റ് അനുസരിച്ചുള്ള എല്ലാ ഇനം പ്രവൃത്തികളും ചെയ്തു തീർക്കാതെ കുറഞ്ഞ നിരക്കും തുകയുമുള്ള ഇനങ്ങൾ ഒഴിവാക്കി റേറ്റും തുകയും കൂടുതലുള്ള ഇനങ്ങൾ ഉൾക്കൊള്ളുന്ന പ്രവൃത്തികൾ മാത്രം ഏറ്റെടുത്ത് പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്യുന്ന പ്രവണത ആശാസ്യമല്ല. ഇത് ഒഴിവാക്കേണ്ടതാണ്.ഉദാഹരണമായി "Surface dressing of the ground.etc". എന്ന ഇനത്തിന് ഒരു സ്ക്വയർമീറ്ററിന് എസ്റ്റിമേറ്റ് നിരക്ക് 21.20 രൂപയാണ്. എന്നാൽ,ടി ഇനത്തിന് ഇ-ടെണ്ടർ മുഖേനയുള്ള ഇനം തിരിച്ച് റേറ്റ് അടിസ്ഥാനത്തിലുള്ള ടെണ്ടറിൽ ഒരു സ്ക്വയർമീറ്ററിന് 300 രൂപ നിരക്ക് രേഖപ്പെടുത്തി (14 ഇരട്ടി) തുക നൽകുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇനങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നത് ക്രമവിരുദ്ധമാണ്.അസി.എൻജിനീയർ നിർവ്വഹണം നടത്തിയ മറ്റ് പ്രവൃത്തികളിലും എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങൾ ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവിൽ കൂടുതലും നിരക്ക് കൂടിയതുമായ ഇനങ്ങൾ മാത്രം ചെയ്യുകയും, അംഗീകൃത പ്രോജക്ടിൽ ഉൾപ്പെട്ട ഇനങ്ങൾ ഒഴിവാക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നു.ഈ നടപടിക്രമം പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി വരുന്നു.റോഡ് നിർമ്മാണത്തിൽ പാർശ്വഭിത്തി നിർമ്മാണം ,കലുങ്ക് നിർമ്മാണം എന്നിവ ഒഴിവാക്കി റോഡ് കോൺക്രീറ്റിനും ഐറിഷ് ഓട നിർമ്മാണത്തിനുമാണ്

പൊതുവെ പ്രാധാന്യം നൽകുന്നത്.

ഓഡിറ്റ് എൻക്വയറി നം. 17/2017-18, തീയതി – 27-07-2018
തടസ്സപ്പെടുത്തിയ തുക – 2,50,714/- രൂ
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക – 21,154/- രൂ.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | ₹75,000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | ₹75,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | ₹75,000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | ₹49,000 | ₹26,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 41400315/ 31-3-2015 | ₹3,89,188/- | - | ₹3,89,188/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ എം എസ് ഭവന പദ്ധതി | 522/2010/ 17.2.2010 | ₹87,05,000/- | ₹26,43,800/- | ₹8,70,500/- | | ₹17,73,300/- |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹4,55,495/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹44,787/- |
| ആകെ | ₹5,00,282/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹5,00,282/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | സർവീസ് കോർപ്പറേറ്റിവ് ബാങ്ക് | 31.3.18 | | ₹5,00,282/- | |
| | | | ആകെ | ₹5,00,282/- | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 950/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-7 | ₹400/- | ബേബി സരോജം, അസി. സെക്രട്ടറി | 117030101440/ 17.10.17 |
| 2015-16 | 3-17 | ₹400/- | ശ്രീജോ, ക്ലാർക്ക് | 117030103499/ 24.2.18 |
| 2016-17 | 2-1 | ₹150/- | ബേബി അമ്മ, പി റ്റി എസ് | 117030103500/ 24.2.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | |
| 2015-16 | 3-6 | 2016-17 | 4.3.2(ii) | ക്യാരിബാഗ് നിർമാണ പദ്ധതി | വൈദ്യുതീക്കരിച്ച് പ്രവർത്തനക്ഷമ മാക്കുന്നതിന് നടപടി സ്വീകരിക്കുന്ന |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,34,56,754/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,96,48,099/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹43,434/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,62,524/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | - | ₹21,154/- | ശ്രീ. വിജയകുമാരൻ പിള്ള , അസി. എഞ്ചീനിയർ |
| 3-4 | - | ₹22,280/- | ശ്രീ. മോഹനകുമാരൻ പിള്ള, ഹെഡ്മാസ്റ്റർ |
| | ആകെ | ₹43,434 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹1,32,310/- | ശ്രീ. വിജയകുമാരൻ പിള്ള, അസി. എഞ്ചീനിയർ |
| 3-3 | ₹1,40,000/- | ശ്രീ. പ്രതാപചന്ദ്രൻ പിള്ള, സെക്രട്ടറി |
| 3-8 | ₹1,39,500 | ശ്രീമതി. എസ്. അജിത കുമാരി കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-9 | ₹2,50,714/- | ശ്രീ. വിജയകുമാരൻ പിള്ള, അസി. എഞ്ചിനീയർ |
| ആകെ | ₹6,62,524 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിജയകുമാരൻ പിള്ള,<br>അസി. എഞ്ചിനീയർ | നിലമേൽ ഗ്രാമ പഞ്ചായത്ത് | ലക്ഷമി വിലാസം,<br>തുറ്റിക്കൽ,<br>മതിര പി ഒ, കടയ്ക്കൽ |
| ശ്രീ.മോഹനകുമാരൻ പിള്ള,<br>ഹെഡ്മാസ്റ്റർ | നിലമേൽ ഗ്രാമ പഞ്ചായത്ത് | കൗസ്തുഭം,<br>കോട്ടുക്കൽ പി ഒ |
| ശ്രീ. പ്രതാപചന്ദ്രൻ പിള്ള, സെക്രട്ടറി | നിലമേൽ ഗ്രാമ പഞ്ചായത്ത് | ഗൗരിശങ്കരം,<br>ഇളമാട് പി ഒ |
| ശ്രീമതി. എസ്. അജിത കുമാരി,<br>കൃഷി ഓഫീസർ | നിലമേൽ ഗ്രാമ പഞ്ചായത്ത് | വൈഷ്ണവ്,<br>TC 2/3415(3),<br>PRRA,<br>ചാലക്കുഴി റോഡ്<br>E 18A, പട്ടം,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ . കെ എൽ എം -പി 3-420/18(2), 12-03-18 | 2 |
| 2001-02 | കെ എസ് എ . കെ എൽ എം -പി 3-420/18(3), 12-03-18 | 7 |
| 2002-03 | കെ എസ് എ . കെ എൽ എം -പി 3-420/18(4), 12-03-18 | 2 |
| 2003-04 | കെ എസ് എ . കെ എൽ എം -പി 3-420/18(4), 12-03-18 | 4 |
| 2004-05 | കെ എസ് എ . കെ എൽ എം -പി 3-420/18(5), 12-03-18 | 8 |

| | | |
|---|---|---|
| 2005-06 | കെ എസ് എ . കെ എൽ എം -പി 3-420/18(6), 12-03-18 | 19 |
| 2006-07 | എൽ.എഫ്.ക്യു.പി6-1278(12)/14, 17-06-2014 | 12 |
| 2007-08 | എൽ.എഫ്.ക്യു.പി6-1278(13)/14, 17-06-2014 | 18 |
| 2008-09 | എൽ.എഫ്.ക്യു.പി6-1278(14)/14, 17-06-2014 | 7 |
| 2009-10 | എൽ.എഫ്.ക്യു.പി6-1278(15)/14, 17-06-2014 | 18 |
| 2010-11 | എൽ.എഫ്.ക്യു.പി6-1278(16)/14, 17-06-2014 | 20 |
| 2011-12 | എൽ.എഫ്.ക്യു.പി6-1885/2015/, 05-06-2015 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യു.പി6-1222/15, 10-08-2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ എസ് എ . കെ എൽ എം -പി6-1142/16, 21-7-16 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ എസ് എ . കെ എൽ എം -പി6-307/17, 13-02-17 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ എസ് എ . കെ എൽ എം -പി3-1946/17, 18-12-17 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം. പി.3 1455/18

തിയതി : 28.09.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നിലമേൽ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും

പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം